(സി) കോർപ്പറേറ്റ് താല്പര്യങ്ങളുടെ ഭാഗമായി കർഷകരുടെ ഉല്പന്നങ്ങൾ കുറഞ്ഞ ഗ്രേഡിലേക്ക് മാറ്റി വിലകുറയ്ക്കുന്നതിനുള്ള സാദ്ധ്യതകളെ ഫലപ്രദമായി പ്രതിരോധിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(ഡി) കർഷക താല്പര്യങ്ങൾ ഹനിക്കുന്ന പ്രസ്തുത നിയമത്തിന്റെ ഭരണഘടനാപരമായ സാധുത പരിശോധിക്കുന്നതിന് നിയമനടപടി സ്വീകരിച്ചിരുന്നോ; എങ്കിൽ വിശദാംശം നൽകുമോ?

കേന്ദ്ര കർഷക ബില്ലുകൾ നിലവിൽ സുപ്രീം കോടതി സ്റ്റേ ചെയ്തിരിക്കുകയാണ്.

**കൂത്താളി ജില്ലാ കൃഷി ഫാം**

13 (998) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാപഞ്ചായത്തിന് കീഴിലുള്ള കൂത്താളി ജില്ലാ കൃഷി ഫാമിന്റെ ഭൂമിയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ സംഭരണത്തിനും വിപണനത്തിനുമായി ഒരു കേന്ദ്രം ആരംഭിക്കുന്നതിന് സംസ്ഥാന വെയർ ഹൗസിംഗ് കോർപ്പറേഷന് സ്ഥലം വിട്ടുനൽകുന്നതിന് അപേക്ഷ ലഭിച്ചിരുന്നോ; വ്യക്തമാക്കുമോ;

&

(ബി) പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കുമോ?

ലഭിച്ചിരുന്നു. ഇക്കാര്യം സർക്കാർ പരിശോധിച്ചു വരുന്നു.

**കോവിഡ് മഹാമാരി തളർത്തിയ കാർഷിക മേഖല**

14 (999) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരി കാരണം കാർഷിക മേഖലയ്ക്ക് ഉണ്ടായ നഷ്ടവും കർഷകരുടെ ദുരിതാവസ്ഥയും സർക്കാർ വിലയിരുത്തിയിട്ടുണ്ടോ?

2020 മാർച്ച് മാസം തൊട്ട് 2021 ജൂലൈ മാസം വരെ വിളകൾക്കും സ്ഥാപനങ്ങൾക്കും സംഭവിച്ച നഷ്ടങ്ങൾ ഉൾപ്പെടെ കാർഷിക മേഖലയിൽ ഏകദേശം 1,731.78 കോടി രൂപയുടെ നഷ്ടം സംഭവിച്ചതായി വിലയിരുത്തിയിട്ടുണ്ട്. ടി കാലയളവിൽ കർഷകത്തൊഴിലാളികൾക്ക് 200.30 കോടി രൂപയുടെ വേതന നഷ്ടവും കണക്കാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കടുത്ത ഗതാഗത നിയന്ത്രണവും രോഗബാധ തുടരുന്നതുംമൂലം ഉല്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാതെ വരുന്നതുകൊണ്ട് കർഷകർക്കുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ലോക്ഡൗൺമൂലം രണ്ടാം വിള നെൽകൃഷിയിൽ കൊയ്ത്തിൽ വന്ന താമസവും ഗതാഗത സൗകര്യങ്ങളുടെ കുറവുംമൂലം ഏകദേശം 15 കോടി രൂപയുടെ നഷ്ടം സംഭവിച്ചു. പച്ചക്കറി മേഖലയിൽ 2020 ഏപ്രിൽ മുതൽ 2021 ജൂലൈ വരെ 221.93 കോടി രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. വിലയിടിവ് കാരണം വാഴ കൃഷിയിലും കൈതച്ചക്ക കൃഷിയിലും ഏകദേശം 269 കോടി രൂപയുടെയും 50 കോടി രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. കശുവണ്ടി കൃഷിയിലും കിഴങ്ങുവർഗ്ഗങ്ങളുടെ കാര്യത്തിലും നഷ്ടങ്ങൾ ഏകദേശം 10 കോടി രൂപയും 30 കോടി രൂപയുമാണെന്നും കണക്കാക്കിയിട്ടുണ്ട്.

(സി) ഇവർക്ക് സംരക്ഷണവും സഹായവും നൽകാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നു എന്നും വ്യക്തമാക്കുമോ?

സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും ഹോർട്ടികോർപ്പിന്റെയും സമയബന്ധിതമായ ഇടപെടലുകൾ കാരണം കർഷകർക്ക് സംഭവിച്ച നഷ്ടങ്ങൾ ഗണ്യമായി കുറയ്ക്കാൻ സാധിച്ചിട്ടുണ്ട്. സർക്കാർ ഏജൻസികളായ വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവയിലൂടെ ഓൺലൈൻ മുഖാന്തരം മാമ്പഴം, കൈതച്ചക്ക, പപ്പായ, വാഴപ്പഴം, പച്ചക്കറി എന്നിവയുടെ നേരിട്ടുള്ള വില്പന നടത്താൻ സാധിച്ചു. മിച്ചംവന്ന ഉല്പന്നങ്ങളുടെ അന്തർ ജില്ലാ വില്പനയും നടത്താൻ സാധിച്ചു. കൃഷി വകുപ്പ് മുഖാന്തരം പാലക്കാട്, കുട്ടനാട്, കോൾ മേഖലകളിൽ 600 നെല്ല് മെതി യന്ത്രങ്ങൾ നൽകി. ആയതിലൂടെ നെൽകൃഷിയിൽ വിളവെടുപ്പിൽ കാലതാമസം വന്ന ബുദ്ധിമുട്ടുകൾ മറികടക്കാൻ സാധിച്ചു. 2020 മാർച്ച് 23 മുതൽ ഏപ്രിൽ 15 വരെയുള്ള കാലയളവിൽ ഹോർട്ടികോർപ് 1,200 മെട്രിക് ടൺ പഴങ്ങളും പച്ചക്കറികളും സംസ്ഥാനത്തിനകത്തുള്ള കർഷകരിൽനിന്നും പുറമേനിന്നും സംഭരിച്ചു. തിരുവനന്തപുരം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കണ്ണൂർ ജില്ലകളിലെ സ്വകാര്യ ഓൺലൈൻ ഭക്ഷ്യ വിതരണ പോർട്ടലുകളിലൂടെ ഉപയോക്താക്കൾക്ക് പഴങ്ങളും പച്ചക്കറികളും ഓൺലൈൻ വിപണനം നടത്തി. സംസ്ഥാനത്തൊട്ടാകെയുള്ള വിവിധ കമ്മ്യൂണിറ്റി അടുക്കളകൾ, റസിഡന്റ്സ് അസോസിയേഷൻ, ഗസ്റ്റ് വർക്കർ ക്യാമ്പുകൾ, മറ്റ് ഏജൻസികൾ എന്നിവയ്ക്ക് പഴങ്ങളും പച്ചക്കറികളും വിതരണം ചെയ്തു. ഹോർട്ടികോർപിന്റെ 100 സ്വന്തം വില്പനശാലകളിലൂടെയും 200 ഫ്രാഞ്ചൈസികളിലൂടെയും പഴങ്ങളും പച്ചക്കറികളും

LIBRARY ARCHIVES Kerala Legislative Assembly

ഉപഭോക്താക്കളിലേയ്ക്ക് എത്തിച്ചു. ഭക്ഷ്യ സുരക്ഷയിൽ സ്വയംപര്യാപ്തത കൈവരിക്കുന്നത് ലക്ഷ്യമിട്ട് 'സുഭിക്ഷ കേരളം' പദ്ധതി 2020-21 സാമ്പത്തിക വർഷത്തിൽ ആരംഭിച്ചു. കോവിഡ്-19 മഹാമാരിയുമായി ബന്ധപ്പെട്ട ലോക്ഡൗൺ കാലത്ത് പച്ചക്കറികളുടെ കുറവ് പരിഹരിക്കുന്നതിന് 50 ലക്ഷം പച്ചക്കറി വിത്ത് കിറ്റുകൾ വീടുകളിൽ സംസ്ഥാനത്തുടനീളം വിതരണം ചെയ്തു.

**നെൽകൃഷി വിപുലീകരണം**

15 (1000) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വിപുലീകരണവുമായി ബന്ധപ്പെട്ട് എന്തൊക്കെ മാറ്റങ്ങളാണ് വരുത്തിയിട്ടുള്ളതെന്നും എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകുന്നതെന്നും വിശദമാക്കുമോ?

നെൽകൃഷിയുടെ വിപുലീകരണം ലക്ഷ്യമാക്കിക്കൊണ്ട് നൂതന പദ്ധതികൾ ആവിഷ്കരിച്ച് ആയത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. 2021-22 വർഷത്തിൽ പ്രത്യേക നെൽകൃഷി മേഖലകളായ പൊക്കാളി, കരി, കൈപ്പാട്, നിലങ്ങളിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പുതുതായി പദ്ധതി ആവിഷ്കരിച്ചുകൊണ്ട് 136 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രദേശങ്ങളിലെ പ്രത്യേക സാഹചര്യങ്ങൾക്കനുസൃതമായ കാർഷിക പ്രവർത്തനങ്ങൾക്കാണ് (അടിസ്ഥാന സൗകര്യ വികസനം മുതൽ ഉത്പന്നങ്ങളുടെ വിപണനം വരെ) ഈ തുക നീക്കിവെച്ചിട്ടുള്ളത്. പ്രകൃതിക്ഷോഭമുണ്ടാകുന്ന സാഹചര്യങ്ങളിൽ വിളനാശത്തിന്റെ തോത് കുറയ്ക്കുന്നതിനും നെൽകൃഷി തടസ്സംകൂടാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനും പാടശേഖരങ്ങളിൽ അടിയന്തിരമായി ചെയ്യേണ്ട പ്രവർത്തികൾക്കായി 50 ലക്ഷം രൂപ ഇക്കൊല്ലം പുതുതായി വകയിരുത്തിയിട്ടുണ്ട്. 2020-21 വർഷം മുതൽ നെൽകൃഷിക്ക് അനുയോജ്യമായ വയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000 രൂപ പ്രകാരം റോയൽറ്റി അനുവദിക്കുന്നുണ്ട്. ഒന്നാംവർഷ തരിശ് നെൽകൃഷിയുടെ ആനുകൂല്യം ഹെക്ടറിന് 30,000 രൂപയിൽ നിന്നും 40,000 രൂപയായി 2020-21 മുതൽ വർദ്ധിപ്പിച്ചു. നെല്ലിന്റെ സംഭരണ വിലയിലും കാലാനുസൃതമായ വർദ്ധനവ് വരുത്തിയിട്ടുള്ളതും അടുത്ത സംഭരണ സീസൺ മുതൽ കിലോയ്ക്ക് 28 രൂപ പ്രകാരം സപ്ലൈകോ സംഭരണം നടത്തുന്നതുമാണ്. നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃതപദ്ധതി പ്രകാരം കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly